"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. അനീഷ് എസ്.-ന് ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിക്കുന്നതിന് പ്രവേശന സമയം ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.121/2021/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 18.01.2021.**

പരാമർശം:
1) സ.ഉ.(അച്ചടി) നം 15/2020/ഉഭപവ, തീയതി 28.10.2020.
2) ഗ്രാമവികസന കമ്മീഷണറുടെ 23.11.2020-ലെ 182/എസ്റ്റാ.ബി1/2020/സിആർഡി നമ്പർ ഉത്തരവ്.
3) ശ്രീ.അനീഷ് എസ്-ന്റെ 07.12.2020-ലെ അപേക്ഷ.
4) ഗ്രാമവികസന കമ്മീഷണറുടെ 15.12.2020-ലെ 182/എസ്റ്റാ.ബി1/2020/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമന ശുപാർശ ലഭിച്ച ശ്രീ. അനീഷ് എസ്.-ന് ജോലിയിൽ പ്രവേശിക്കുന്നതിനായി ഗ്രാമ വികസന കമ്മീഷണറുടെ സൂചന (2) ഉത്തരവ് പ്രകാരം 45 ദിവസത്തെ പ്രവേശന സമയം അനുവദിച്ച് നൽകിയിരുന്നു. ശ്രീ അനീഷ് എസ്-ന്റെ പിതാവ് കിഡ്നി രോഗത്തിന് ചികിത്സയിലാണെന്നും അടിയന്തിരമായി ശസ്ത്രക്രിയ നടത്തേണ്ടതുണ്ടെന്നും വീട്ടിൽ പ്രായമായ അച്ഛനും അമ്മയും മാത്രമാണുള്ളതെന്നും ശസ്ത്രക്രിയാ അവസരത്തിൽ തന്റെ സഹായം അത്യാവശ്യമായതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് പരമാവധി സമയം അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സൂചന (3) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അനീഷ് എസ്-ന്റെ പിതാവിന് കിഡ്നി രോഗത്തിന് അടിയന്തിരമായി ശസ്ത്രക്രിയ നടത്തേണ്ടതുണ്ടെന്നും കോവിഡ് 19 രോഗവ്യാപനം മൂലമാണ് ശസ്ത്രക്രിയ നീട്ടി വയ്ക്കേണ്ടി വന്നതെന്നും ശസ്ത്രക്രിയാ അവസരത്തിൽ തന്റെ സഹായം അത്യാവശ്യമാണെന്നും ആശുപത്രി രേഖകൾ സഹിതം ടിയാൻ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ. അനീഷ് എസ്-ന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച്, നിയമന ഉത്തരവ് തീയതി മുതൽ 90 ദിവസം കഴിഞ്ഞാണ് ജോലിയിൽ പ്രവേശിക്കുന്നതെങ്കിൽ KS&SSRs ഭാഗം രണ്ട് ചട്ടം 27 (c) യുടെ ഒന്നാം പ്രൊവിസോ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽക്കേ സീനിയോറിറ്റി കണക്കാക്കൂ എന്ന വ്യവസ്ഥയിൽ നിയമന ഉത്തരവ് തീയതി മുതൽ ആറ് മാസത്തേയ്ക്ക് കൂടി പ്രവേശനകാലം ദീർഘിപ്പിച്ച് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവിൻ കൃഷ്ണൻ ജി.ഐ.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.അനീഷ് എസ്., മുക്കാലുവിള വീട്, കരിങ്ങന്നൂർ പി.ഒ., കൊല്ലം, പിൻ-691 516 (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ